REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-03-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ജലസംരക്ഷണ പ്രവർത്തനങ്ങൾ രാജ്യത്തെ ബഹുജന പ്രസ്ഥാനമായി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു.**
- **ടെക്സ്റ്റൈൽ മാലിന്യങ്ങളുടെ പുനരുപയോഗത്തിന് ജനങ്ങൾ മുന്നോട്ട് വരണമെന്നും പ്രധാനമന്ത്രി.**
- **ലഹരിക്കടിമയായ അവസാന വ്യക്തിയേയും രക്ഷിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന നൂറ് ഖാദി ഔട്ട്ലെറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു.**
- **ISL ഫുട്ബോളിൽ രണ്ടാം പ്ലേ ഓഫിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂർ FC-യെ നേരിടും.**

## വാർത്തകൾ വിശദമായി

മൻ കി ബാത്തിൽ എല്ലാവർക്കും ഭാരതീയ പുതുവത്സരാശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ സംസ്ഥാനങ്ങളിലെ പുതുവത്സര-ഉത്സവാഘോഷങ്ങൾ ഭാരതീയതയുടെ വൈവിദ്ധ്യവും ഐക്യവും പ്രകടമാക്കുന്നവയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പരീക്ഷകൾക്ക് ശേഷം വീണ്ടും ക്ലാസുകൾ ആരംഭിക്കുന്ന ഇടവേളയിലെ വേനൽക്കാല അവധി ദിവസങ്ങൾ സൃഷ്ടിപരമായ കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തണ മെന്ന് പ്രധാനമന്ത്രി നിർദേശിച്ചു. പുതിയ ഹോബി കണ്ടെത്താനോ, കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്ന ക്യാമ്പുകളിലും കോഴ്സുകളിലും പങ്കെടുക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

.........വോയ്സ്........

സന്നദ്ധ പ്രവർത്തനങ്ങളിലും സേവന പ്രവർത്തനങ്ങളിലും ഏർപ്പെടാനും വേനൽക്കാലം ഉപയോഗപ്പെടുത്തണം. സംഘടനകളും സ്കൂളുകളും സാമൂഹിക ശാസ്ത്ര സ്ഥാപനങ്ങളും വേനൽകാല പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ടെങ്കിൽ അത് #MY Holidays ൽ ഷെയർ ചെയ്യണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വേണ്ടി വേനലവധിക്കാലത്തിനായി തയ്യാറാക്കിയ 'MY ഭാരത്' കലണ്ടറിന്റെ സവിശേഷതകൾ പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവെച്ചു. പഠനയാത്രകളെപോലെ ജൻ ഔഷധി കേന്ദ്രങ്ങളുടെ പ്രവർത്തനവും കലണ്ടറിലൂടെ അറിയാൻ കഴിയുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

വൈബ്രന്റ് വില്ലേജ് ക്യാമ്പയിനിന്റെ ഭാഗമാകുന്നതോടെ അതിർത്തി ഗ്രാമങ്ങളിലെ സവിശേഷ അനുഭവങ്ങൾ നേടാനാകും. ഇതിലൂടെ അവിടുത്ത സാസ്കാരിക - കായിക പ്രവർത്തനങ്ങളുടെ ഭാഗമാകാനും കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

-----

അംബേദ്കർ ജയന്തി ദിനത്തിലെ പദയാത്രയിൽ പങ്കെടുക്കുന്നതിലൂടെ ഭരണഘടനയുടെ മൂല്യങ്ങളെക്കുറിച്ച് അവബോധം നേടിയെടുക്കാനും കുട്ടികളോടും മാതാപിതാക്കളോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. ഇത്തരം അവധിക്കാല അനുഭവങ്ങൾ #Holiday മെമ്മറീസുമായി പങ്കിടണമെന്നും അടുത്ത മൻ കി ബാത്തിൽ ഈ അനുഭവങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

വേനൽക്കാലം ആരംഭിക്കുമ്പോൾ തന്നെ എല്ലാ നഗര-ഗ്രാമ പ്രദേശങ്ങളിലും ജലസംരക്ഷണ തയ്യാറെടുപ്പുകൾ വ്യാപിപ്പിക്കണമെന്ന് പ്രധാനമന്ത്രി നിർദേശിച്ചു. മുൻവർഷങ്ങളിലേത് പോലെ രാജ്യത്ത് CATCH THE RAIN പ്രചാരണ ഒരുക്കങ്ങൾ പൂർത്തിയായി. പ്രകൃതി വിഭവങ്ങൾ അടുത്ത തലമുറയ്ക്ക് സുരക്ഷിതമായി കൈമാറാനായിരിക്കണം ഓരോരുത്തരുടേയും ശ്രമമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഓരോ മഴത്തുള്ളിയും സംരക്ഷിക്കുന്നതിലൂടെ വെള്ളം പാഴാവുന്നത് ഒഴിവാക്കാൻ കഴിയും. കഴിഞ്ഞ ഏഴെട്ടു വർഷങ്ങളിൽ പുതുതായി നിർമ്മിച്ച ടാങ്കുകൾ, കുളങ്ങൾ, മറ്റ് ജല

റീചാർജ്ജ് ഘടനകൾ എന്നിവയിലൂടെ പതിനൊന്ന് ബില്യൺ ക്യൂബിക് മീറ്ററിലധികം വെള്ളം സംരക്ഷിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

.......വോയ്സ്...

രാജ്യത്തെ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ കർണാടകയിലെ ഗഡാഗ് ജില്ലക്കാർ കൈവരിച്ച മാതൃകാനേട്ടം അദ്ദേഹം മൻ കി ബാത്തിൽ ഉദാഹരിച്ചു. മാലിന്യവും ചളിയും നിറഞ്ഞ തടാകങ്ങൾ ഗ്രാമവാസികളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. ഇത് CATCH THE RAIN പദ്ധതിയുടെ മികച്ച ഉദാഹരണമാണെന്ന് നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ജലസംരക്ഷണത്തിന് ഒരു ബഹുജന പ്രസ്ഥാനം രാജ്യത്ത് ആരംഭിക്കണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ഖേലോ ഇന്ത്യാ പാരാഗെയിംസിൽ പങ്കെടുത്ത ദിവ്യാംഗരായ താരങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ദിവ്യാംഗർ 18 ദേശീയ റെക്കോർഡുകൾ സൃഷ്ടിച്ചതായും അതിൽ 12 പേർ വനിതാ താരങ്ങളാണെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. പാരാഗെയിംസിലെ പഞ്ചഗുസ്തിയിൽ സ്വർണം നേടിയ ജോബി മാത്യു എഴുതിയ കത്തിലെ കുറച്ചുഭാഗം അദ്ദേഹം മൻ കി ബാത്തിൽ വായിച്ചു.

-----

ഡൽഹിയിലെ ഫിറ്റ് ഇന്ത്യ കാർണിവെലിന്റെ വൻ വിജയവും അദ്ദേഹം എടുത്തു പറഞ്ഞു. 25,000ത്തോളം പേർ ഫിറ്റ്നസ് നില നിർത്താനും അവബോധം നൽകാനും മുന്നോട്ട് വന്നു. എല്ലാ പ്രദേശങ്ങളിലും ഇത്തരം കാർണിവെലുകൾ സംഘടിപ്പിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. പരമ്പരാഗത ആയോധന കലകളും തദ്ദേശീയ കളികളും പ്രോത്സാഹിപ്പിക്കണം.

പൈതൃകം കാത്തു സൂക്ഷിച്ച് മൗറീഷ്യസിലും ഗയാനയിലും ഇന്ത്യൻ വംശജർ സ്വന്തം വേരുകൾ നിലനിർത്തുന്ന അനുഭവങ്ങളും അദ്ദേഹം പങ്കുവെച്ചു. വിദേശങ്ങളിൽ ഭാരതീയ സംസ്കാരം സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന സംഘടനകളുടെ പങ്കും അദ്ദേഹം എടുത്തു കാണിച്ചു.

പഴയ വസ്ത്രങ്ങൾ വഴി കുന്നുകൂടുന്ന ടെക്സ്റ്റൈൽ വെയ്സ്റ്റ് പുനരുപയോഗിക്കാനും സംസ്കരിച്ച് മാലിന്യമല്ലാതാക്കാൻ ജനങ്ങൾ മുന്നോട്ട് വരണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ലോകത്ത് ഏറ്റവും അധികം ടെക്സ്റ്റൈൽ മാലിന്യം ഉണ്ടാക്കുന്ന രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യയെന്നും പ്രധാനമന്ത്രി പറഞ്ഞു. ഈ വെല്ലുവിളി നേരിടാൻ നിരവധി സ്റ്റാർട്ട് അപ്പുകൾ പ്രവർത്തിക്കാൻ തുടങ്ങിയത് അഭിമാനകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഹരിയാനയിലെ പാനിപത്ത്- ടെക്സ്റ്റൈൽ റീസൈക്ലിക്കിങ്ങിന്റെ ആഗോള കേന്ദ്രമായി വളരുകയാണെന്നും അദ്ദേഹം

പറഞ്ഞു. ബംഗളൂരുവിലും തിരുപ്പൂരിലും പുനരുപയോഗ സംസ്കരണം ആരംഭിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര യോഗ ദിനത്തിലേക്ക് നൂറ് ദിവസത്തിൽ മാത്രം ശേഷിക്കുമ്പോൾ ഇനിയും യോഗ, ജീവിതത്തിൽ ഉൾപ്പെടുത്താത്തവർ ഈ അവസരം പ്രയോജനപ്പെടുത്തണ മെന്ന് പ്രധാനമന്ത്രി പറഞ്ഞു. ലോകത്തെ മുഴുവൻ ആരോഗ്യകരമാക്കാൻ ലക്ഷ്യമിടുന്നതാണ് 2025 ലെ യോഗ ദിന പ്രമേയമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

മരങ്ങളിൽ നിന്നും ചെടികളിൽ നിന്നും പൂക്കൾ പല മേഖലകളിലേക്കും വ്യാപിക്കുന്ന പുഷ്പയാത്രയെ പറ്റിയും പ്രധാനമന്ത്രി ചിന്തകൾ പങ്കുവെച്ചു. മഹുവാ പൂക്കളിൽ നിന്ന് കുക്കികൾ നിർമ്മിക്കുന്ന മധ്യപ്രദേശിലെ ചിന്ത്വാഡ ജില്ലയിലെ സ്ത്രീകളുടെ ശ്രമവും അതിന്റെ വിജയവും അദ്ദേഹം പ്രത്യേകം പരാമർശിച്ചു. ഗുജറാത്തിലെ ഏകതാ പ്രതിമയ്ക്ക് ചുറ്റും പൂക്കുന്ന കൃഷ്ണ കമൽ പുഷ്പങ്ങൾ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ മഹാരാഷ്ട്രയിലെ നാഗ്പൂരിലെ സ്മൃതി മന്ദിർ സന്ദർശിച്ചു. രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ സ്ഥാപക പിതാക്കന്മാരായ ഡോ. കേശവ് ഹെഡ്ഗേവാർ, ഗുരുജി എന്നറിയപ്പെടുന്ന മാധവറാവു ഗോൾവാൾക്കർ എന്നിവരുടെ സ്മാരകങ്ങളിൽ പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

ഡോ. BR അംബേദ്കറുടെ സ്മൃതികുടീരമായ ദീക്ഷാഭൂമിയിലും പ്രധാനമന്ത്രി ആദരമർപ്പിക്കും. ഉച്ചകഴിഞ്ഞ് ഛത്തീസ്ഗഢിലെ ബിലാസ്പൂരിൽ 33,700 കോടിയോളം രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നാടിനു സമർപ്പിക്കുകയും ഏതാനും പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. 130 PM ശ്രീ സ്കൂളുകൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. പ്രധാൻമന്ത്രി ആവാസ് യോജനയിൽ പൂർത്തീകരിച്ച മൂന്ന് ലക്ഷം വീടുകളുടെ ഗൃഹപ്രവേശന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

ഉഗാദി, ഗുഡി പദ്‌വ, ചേതി ചന്ദ്, ചൈത്ര ശുക്ലദി, നവ്രേഹ്, ചൈത്ര നവരാത്രി, സാജിബു ചീറോബ എന്നീ പുതുവത്സര ആഘോഷങ്ങളിൽ പങ്കെടുക്കുന്ന ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആശംസകൾ നേർന്നു.

✪✪✪

മ്യാൻമറിൽ ഭൂചലനത്തിൽ മരിച്ചവരുടെ സംഖ്യ 1644 ആയി. 139 പേരെ കാണാനില്ലെന്നും പരിക്കേറ്റവരുടെ എണ്ണം 3408 ആയി ഉയർന്നെന്നും മ്യാൻമറിലെ സൈനിക ഭരണകൂടം അറിയിച്ചു. വിശദമായ കണക്കുകൾ ശേഖരിക്കുന്നതിനാൽ എണ്ണം ഇനിയും വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും മ്യാൻമർ ഭരണകൂടം വ്യക്തമാക്കി. ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രത്തിന് ഏറ്റവും അടുത്തതും മ്യാൻമറിലെ രണ്ടാമത്തെ വലിയ നഗരവുമായ മണ്ടലേയിലാണ് ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തത്.

✪✪✪

ലഹരിക്കടിമയായ അവസാന വ്യക്തിയെപ്പോലും രക്ഷിക്കുകയാണ് ലക്ഷ്യമെന്നും ലഹരി വ്യാപനം കയ്യും കെട്ടി നോക്കി നിൽക്കില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ  പറഞ്ഞു. കുട്ടികളിൽ വർധിച്ചു വരുന്ന അക്രമവാസനയും മയക്കുമരുന്ന് ഉപയോഗവും സമൂഹത്തെ ആകെ ഗൗരവമായി ബാധിക്കുന്ന വിഷയമാണെന്നും  ഇതിന്റെ പിറകിൽ സാമൂഹിക മാനസിക കാരണങ്ങൾ ഉണ്ടായേക്കുമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഇതിനെ വേരോടെ അറുത്ത് മാറ്റുന്നതിന് ഭരണ നടപടിക്ക് ഒപ്പം സാമൂഹിക ഇടപെടൽ കൂടി വേണമെന്ന് പിണറായി വിജയൻ നിർദേശിച്ചു.

കുട്ടികളിലെയും, യുവാക്കളിലെയും വർദ്ധിച്ചുവരുന്ന  ലഹരി ഉപഭോഗവും ആക്രമണ സ്വഭാവവും ചർച്ച ചെയ്യുന്ന ശില്പശാല “ബാല്യത്തിനും യുവത്വത്തിനും ഒപ്പം സർക്കാർ” തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. മന്ത്രിമാരായ V ശിവൻകുട്ടി, സജി ചെറിയാൻ,  ഡോ R ബിന്ദു, MB രാജേഷ്, വീണാ ജോർജ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ തുടങ്ങിവയർ പങ്കെടുക്കുന്നുണ്ട്.

✪✪✪

ചെറിയ പെരുന്നാളിനെ വരവേൽക്കാൻ ഒരുങ്ങി ഇസ്‌ലാമിക  വിശ്വാസികൾ. ഇന്ന് മാസപ്പിറവി ദൃശ്യമായാൽ നാളെയും അല്ലെങ്കിൽ റമസാൻ 30 പൂർത്തിയാക്കി മറ്റന്നാളുമായിരിക്കും ചെറിയ പെരുന്നാൾ.

റമസാൻ 29 ആയ ഇന്ന് ശവ്വാൽ മാസപ്പിറവി കാണുന്നവർ അറിയിക്കണമെന്ന് ഖാസിമാരും മതനേതാക്കളും ആവശ്യപ്പെട്ടു.

✪✪✪

പാർശ്വവൽക്കരിക്കപ്പെട്ടവരെ ഹൃദയത്തോട് ചേർത്ത് മർദ്ദിതരോട് ഐക്യപ്പെട്ട് മൈത്രിയുടെ പെരുന്നാൾ ആഘോഷിക്കണമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. വ്രതാനുഷ്ഠാനംകൊണ്ട് കൈവരിച്ച ആത്മശുദ്ധിയുടെയും ആത്മസമർപ്പണത്തിലൂടെ നേടിയെടുത്ത ചൈതന്യത്തിന്റെയും സന്തോഷ പ്രഖ്യാപന ആഘോഷമാണ് ഇദുൽ ഫിത്തറെന്നും കെട്ടുകാഴ്ചകൾക്കപ്പുറം സ്വന്തത്തിലേക്കും കുടുംബത്തിലേക്കും സമൂഹത്തിലേക്കും അകം തുറന്ന് നോക്കുന്നതിന് അവസരമാണിതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സിനിമ ഒരു കൂട്ടം കലാകാരന്മാരുടെ സൃഷ്ടിയാണെന്നും ഭീഷണിപ്പെടുത്തിയും സാമൂഹിക മാധ്യമങ്ങളിലൂടെ അവഹേളിച്ചും അപമാനിച്ചും കലാസൃഷ്ടിയെ തിരുത്തുന്നത് വിജയമല്ലെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. എത്ര മൂടിവെക്കാൻ ശ്രമിച്ചാലും ചരിത്രസത്യങ്ങൾ തെളിഞ്ഞുവരുമെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

സിനിമയെ സിനിമയായി കാണണമെന്നും അതിനെ ചരിത്രമായി കാണാൻ കഴിയില്ലെന്നും BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സത്യം വളച്ചൊടിച്ച് കഥ കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന ഏത് സിനിമയും പരാജയപ്പെടുമെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

ISL ഫുട്ബോളിൽ രണ്ടാം പ്ലേ ഓഫിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂർ FC-യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഷില്ലോങിലാണ് മത്സരം.

✪✪✪

വിശാഖപട്ടണത്ത് ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് വൈകിട്ട് മൂന്നരയ്ക്ക് ഡൽഹി ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഗോഹട്ടിയിൽ വൈകിട്ട് ഏഴരയ്ക്ക് രാജസ്ഥാൻ റോയൽസ് ചെന്നൈ സൂപ്പർ കിംഗ്സിനെയും നേരിടും.

✪✪✪

കൊച്ചിയിൽ MDMA യുമായി രണ്ടുപേരെ അറസ്റ്റ് ചെയ്തു. എളമക്കരയിൽ നിന്ന് 500 ഗ്രാമും ആലുവയിൽ നിന്ന് 50 ഗ്രാമുമാണ് പിടി കൂടിയത്.

മലപ്പുറം വണ്ടൂർ കോഴിപ്പറമ്പിൽ രണ്ടു കിലോ കഞ്ചാവുമായി ഇതര സംസ്ഥാന തൊഴിലാളികൾ പിടിയിലായി. ബീഹാർ സ്വദേശികളാണ് കസ്റ്റഡിയിലായത്.

✪✪✪

കോഴിക്കോട് സിറ്റിയിൽ മയക്കുമരുന്ന് ഉപയോഗിച്ചതിനും കൈവശം വെച്ചതിനുമായി 7 പേരെ പോലീസ് പിടികൂടി. പന്തീരാങ്കാവ്, ഫറോക്ക് എന്നി സ്റ്റേഷൻ പരിധികിളിൽ നിന്ന് വിൽപനയ്ക്കായി സൂക്ഷിച്ച കഞ്ചാവ് സഹിതം രണ്ട് പേരെയും കഞ്ചാവ് ഉപയോഗിച്ചതിന് വിവിധ സ്റ്റേഷനിലുകളിലായി അഞ്ച് പേരെയുമാണ് കസ്റ്റഡിയിൽ എടുത്തത്.

✪✪✪

സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം പത്ത് ദിവസം പിന്നിട്ടു. രാപകൽ സമരം 49 -ാം ദിവസത്തിലേക്ക് കടന്നു. നാളെ സമരത്തിന്റെ ഭാഗമായി ആശാ പ്രവർത്തകർ മുടി മുറിച്ച് പ്രതിഷേധിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പോളിംഗ് സ്റ്റേഷൻ പുനഃക്രമീകരണം ഏപ്രിൽ നാലിന് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തിരുവനന്തപുരത്ത് അറിയിച്ചു. കരടു വോട്ടർപട്ടിക ഏപ്രിൽ എട്ടിനും, അന്തിമ പട്ടിക മെയ് അഞ്ചിനും പ്രസിദ്ധീകരിക്കും.

✪✪✪

അടുത്ത നാല് ദിവസം സംസ്ഥാനത്ത് ശക്തമായ വേനൽമഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ബുധനാഴ്ച മഞ്ഞ ജാഗ്രതയാണ്. ഇടിമിന്നൽ സാധ്യത കണക്കിലെടുത്ത് ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശ്രീജി പൂവത്തിങ്കൽ*
*News Team: അനിൽ ചന്ദ്രൻ, നിമിഷ ജി*
*DEO: സുബോധ് സികെ*